"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഫിഷറീസ് വകുപ്പിലെ ഫിഷറീസ് ഓഫീസർ ശ്രീ.അബ്ദുള്ള കുഞ്ഞി.ടി.വി-സർക്കാരിന്റെ അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടർന്ന കാലയളവ് സാധൂകരിച്ച് ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.499/2025/F&P തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-
1. 20/10/2022 ലെ സ.ഉ.(സാധാ) നം. 650/2022/മ.തു.വ നമ്പർ സർക്കാർ ഉത്തരവ്.
2. ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ 03.08.2023, 10.01.2024 , 18.05.2024, 17.08.2024, 30.11.2024-എന്നീ തീയതികളിലെ DFTVM/2659/2023-A4 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഫിഷറീസ് വകുപ്പിൽ ഫിഷറീസ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. അബ്ദുള്ള കുഞ്ഞി ടി. വി. യ്ക്ക് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 15-07-2022 മുതൽ ഒരു വർഷത്തേക്ക് മത്സ്യബോർഡ് കണ്ണൂർ മേഖല ഓഫീസിന്റെ പരിധിയിലുള്ള അജാനൂർ ഫിഷറീസ് ഓഫീസർ തസ്തികയിൽ അന്യത്ര സേവനം അനുവദിച്ചിരുന്നു. പ്രസ്തുത അന്യത്രസേവന കാലാവധി 14/07/2023 ൽ അവസാനിച്ചിരുന്നെങ്കിലും ടിയാൻ മാതൃവകുപ്പിൽ തിരികെ പ്രവേശിക്കാതെ അന്യത്രസേവനത്തിൽ തുടരുകയും 15/07/2023 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന അപേക്ഷ ദീർഘിപ്പിക്കുന്നതിലേക്കായി സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും എന്നാൽ സർക്കാർ നിർദേശത്തെത്തുടർന്നു ടിയാനെ 05/09/2023 ന്റെ മത്സ്യബോർഡിൽ നിന്നും വിടുതൽ ചെയ്യുകയുമുണ്ടായി.

2) ശ്രീ. അബ്ദുള്ള കുഞ്ഞി ടി. വി. 14/07/2023 മുതൽ 05/09/2023 വരെയുള്ള കാലയളവിൽ സർക്കാരിന്റെ അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടർന്നതിൽ ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു.

3) മത്സ്യബോർഡ് കമ്മീഷണറുടെയും ഫിഷറീസ് ഡയറക്ടറുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, ടി വിഷയം വിശദമായി പരിശോധിയ്ക്കുകയും ശ്രീ. അബ്ദുള്ള കുഞ്ഞി ടി. വി. 15/07/2023 മുതൽ 05/09/2023 വരെയുള്ള കാലയളവിൽ സർക്കാരിന്റെ അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടർന്ന നടപടി സാധൂകരിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

4) അന്യത്രസേവനം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി സമർപ്പിക്കണമെന്ന് ഫിഷറീസ് ഡയറക്ടർക്കും മത്സ്യബോർഡ് കമ്മീഷണർക്കും കർശന

നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ARUNIMA G
അണ്ടർ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
കമ്മീഷണർ , മത്സ്യബോർഡ്, തൃശ്ശൂർ
ധനകാര്യ വകുപ്പ്.(പരാമർശം 01/03/2025 ലെ 3026894/WCD-2/17/2025-FIN. Fin (WCD) Dept നമ്പർ കുറിപ്പ് പ്രകാരം)
ശ്രീ.അബ്ദുള്ള കുഞ്ഞി.ടി.വി, ഫിഷറീസ് ഓഫീസർ (ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം ( 2518491 -എ1/205/2023-മ.തു.വ)

Signed by
ഉത്തരവിൻ പ്രകാരം
Aswathy M L
Date: 14-07-2025 13:23:22
സെക്ഷൻ ഓഫീസർ